പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2591 18.06.2014 ൽ മറുപടിയ്ക്ക്

## പൊന്നാനി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം

ചോദ്യം
ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ഉത്തരം
ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊന്നാനി എം.ഇ.എസ്. കോളേജ്, ഐ.എ.എസ്. അക്കാദമി, മൈനോറിറ്റി കോച്ചിംഗ് സെന്റർ, തിരൂർ തുഞ്ചൻ കോളേജ്, മലയാള സർവ്വകലാശാല, തിരൂർ പോളിടെക്നിക്, കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിലെ എസ്.സി. വിഭാഗം കുട്ടികൾ ഹോസ്റ്റലില്ലാതെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | പൊന്നാനി എം.ഇ.എസ്. കോളേജ്, മലയാള സർവ്വകലാശാല, തിരൂർ തുഞ്ചൻ കോളേജ്, കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ്, തിരൂർ പോളിടെക്നിക്, എന്നീ സ്ഥാപനങ്ങളിൽ അവർ നടത്തുന്ന ഹോസ്റ്റലുകൾ ഉണ്ട്. ഐ.എ.എസ്. കോച്ചിംഗ് സെന്ററിൽ ഒരു വർഷം പരമാവധി പത്തിൽ താഴെ എസ്.സി. വിദ്യാർത്ഥികളാണ് പഠിക്കുന്നത്. ആയതിനാൽ ഹോസ്റ്റലിന്റെ ആവശ്യം ഉന്നയിക്കപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ പൊന്നാനി നഗരസഭാ പരിധിയിലുള്ള പട്ടികജാതി ക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സ്ഥലമെടുപ്പ് സംബന്ധിച്ച് നിലവിലുള്ള ഓഡിറ്റ് തടസ്സവാദം പരിഹരിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലത്ത് ഹോസ്റ്റൽ നിർമ്മാണത്തിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

Sali K.T
സെക്ഷൻ ഓഫീസർ